(ബി) മരുന്ന് കുറിപ്പടികൾ ഇംഗ്ലീഷിൽ വ്യക്തമായ അക്ഷരത്തിൽ എഴുതണമെന്ന മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ ശിപാർശ കേന്ദ്രസർക്കാരിന്റെ പരിഗണനയിലാണ്. ഇപ്പോഴത്തെ സാഹചര്യത്തിൽ ഡോക്ടർമാരുടെ സംഘടനയുമായി ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മലപ്പുറം, മുതുവല്ലൂരിൽ പുതിയ ഹോമിയോ ഡിസ്പെൻസറി

100 (6805) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഹോമിയോ ഡിസ്പെൻസറികൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഹോമിയോ ഡിസ്പെൻസറികൾ ഇല്ലാത്ത പഞ്ചായത്തുകളിൽ ഇവ അനുവദിക്കുന്നതിന് മുൻഗണന നൽകുമോ ;

(സി) മലപ്പുറം ജില്ലയിലെ "മുതുവല്ലൂരിൽ" ഹോമിയോ ഡിസ്പെൻസറി സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 110 സർക്കാർ ഹോമിയോ ഡിസ്പെൻസറികൾ അനുവദിച്ചിട്ടുണ്ട്.

(ബി) മുൻഗണന നൽകുന്നുണ്ട്.

(സി) മുതുവല്ലൂരിൽ ഹോമിയോ ഡിസ്പെൻസറി സ്ഥാപിക്കുന്നകാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്.

സർക്കാർ മെഡിക്കൽ കോളേജുകളിലെ ഡയാലിസിസ് സംവിധാനം

101 (6806) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ഡോ. എൻ. ജയരാജ് :
ശ്രീ. വി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ ഡയാലിസിസിനായി പ്രതിദിനം ശരാശരി എത്ര രോഗികൾ എത്തുന്നുവെന്ന് അറിയിക്കുമോ ;

(ബി) ഒരു കിഡ്നി പേഷ്യന്റിന് ഡയാലിസിസിനുമുൻപ് ഏതെല്ലാം പരിശോധനയ്ക്ക് വിധേയനാകണമെന്നും രക്തത്തിലെ വിവിധ ഘടകങ്ങളുടെ സന്തുലിതാവസ്ഥ ക്രമപ്പെടുത്തുന്നതിന് ഏതെല്ലാം മരുന്നുകൾ ഇഞ്ചക്റ്റ് ചെയ്യേണ്ടതെന്നും വ്യക്തമാക്കുമോ :

LIBRARY ARCHIVES Kerala Legislative Assembly

(സി) ജീവിതകാലം മുഴുവൻ ഡയാലിസിസിനു വിധേയനാകേണ്ടിവരുന്ന ഒരു രോഗിക്ക് പെർമനന്റ് ആക്സസായ 'എ.വി. ഫിസ്റ്റുല' സർക്കാർ മെഡിക്കൽ കോളേജുകളിൽ വിജയകരമായി ചെയ്യാൻ സാധിക്കുന്നുണ്ടോ ; ഇക്കാര്യത്തെക്കുറിച്ച് വിശദമായ ഒരു പഠനം നടത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലുമായി പ്രതിദിനം ശരാശരി 60 രോഗികൾക്ക് ഡയാലിസിസ് ലഭ്യമാകുന്നുണ്ട്.

(ബി) ഡയാലിസിസ് തുടങ്ങുന്നതിനുമുമ്പ് എല്ലാ രോഗികൾക്കും Hepatitis B, Hepatitis C, HIV, Blood Urea, S.Creatinine, S.Sodium, S.Potassium, S.Hemoglobin തുടങ്ങിയ പരിശോധനകൾ ആവശ്യമാണ്. സ്ഥിരം ഡയാലിസിസ് രോഗികൾക്ക് എല്ലാ മാസവും Hemoglobin, Blood Urea, S.Creatinine, S.Sodium, S.Potassium, S.Calcium, S.Phosphorus, S.Uric Acid, Liver Function Test തുടങ്ങിയ പരിശോധനകൾ ആവശ്യമാണ്. ഇവരിൽ ചിലർക്ക് Erythropoetn, Iron തുടങ്ങിയ ഇൻജക്ഷൻ മരുന്നുകൾ ആവശ്യമായി വരും.

(സി) ഉണ്ട്. എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും കാർഡിയോ വാസ്കുലർ സർജറി വിഭാഗത്തിൽ എ.വി. ഫിസ്റ്റുല വിജയകരമായി നടത്തിവരുന്നുണ്ട്. ജനറൽ സർജറി, പ്ലാസ്റ്റിക് സർജറി, യൂറോളജി വിഭാഗങ്ങളിലെ ഡോക്ടർമാരും ഇതിനായി പ്രാവീണ്യം നേടിയവരാണ്.

ഡെന്റൽ ഹൈജീനിസ്റ്റ് കോഴ്സുകൾ

102 (6807) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡെന്റൽ ഹൈജീനിസ്റ്റുകളുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ ;

(ബി) പുകയില, പാൻമസാല പോലുള്ള ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ബോധവൽക്കരണത്തിനായി ഡെന്റൽ ഹൈജീനിസ്റ്റുകളെ എല്ലാ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിലും ഓറൽ ഹെൽത്ത് കൗൺസിലർമാരായി നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) സമഗ്ര ആരോഗ്യനയത്തിൽ ദന്താരോഗ്യവും ഉൾപ്പെടുത്തുന്നതിനും ആരോഗ്യസർവ്വകലാശാലക്കുകീഴിൽ ഡന്റൽ ഹൈജീൻ ബാച്ചിലർ കോഴ്സുകൾ ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ആരോഗ്യ വകുപ്പിലെ ഡെന്റൽ ഹൈജീനിസ്റ്റുകളുടെ ജോലി പരിഷ്കരിക്കുന്നതിനുവേണ്ടി തിരുവനന്തപുരത്തെ തൈക്കാട്ടുള്ള കേരള സ്റ്റേറ്റ്

LIBRARY ARCHIVES Kerala Legislative Assembly